മാതൃഭൂമി
08/02/2022.

# ഊർജ ഓഡിറ്റ് തുടങ്ങി

മലയിൻകീഴ്▸ കാട്ടാക്കടയെ കാർബൺ ന്യൂട്രൽ നിയോജകമണ്ഡലമാക്കുന്നതിൻെറ ഭാഗമായി ഊർജ ഓഡിറ്റിനു തുടക്കമായി. മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ ഐ.ബി.സതീഷ് എം.എൽ.എ. ഓഡിറ്റ് ഉദ്ഘാടനം ചെയ്തു. എനർജി മാനേജ്മെൻറ് സെൻറർ കേരളയുടെ നേതൃത്വത്തിലാണ് ഓഡിറ്റ് നടത്തുന്നത്.

മണ്ഡലത്തിൽ നടപ്പാക്കിയ ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ സ്കൂളുകളിലും ഊർജ ഓഡിറ്റ് നടത്തിയിരുന്നു.

ഇതിൻെറ തുടർച്ചയായാണ് മണ്ഡലത്തിലെ മറ്റു പൊതുസ്ഥാപനങ്ങളിലും ഓഡിറ്റ് നടത്തുന്നത്. പഞ്ചായത്ത് പ്രസിഡൻറ് എ.വത്സലകുമാരി അധ്യക്ഷയായി.



▶ മലയിൻകീഴ് പോലീസ് സ്റ്റേഷനിലെ ഊർജ ഓഡിറ്റ് ഐ.ബി. സതീഷ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു